831
23/1/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - സൈക്കോസോഷ്യൽ സർവ്വീസ് - ORC പദ്ധതി നടപ്പിലാക്കുന്നതിനായി 15 സ്കൂളുകളിൽ കൗൺസിലിംഗ് പ്രോഗ്രാം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം .18/2015/സാനീവ തീയതി, തിരുവനന്തപുരം, 14.01.2015

---

**പരാമർശം :** സാമൂഹ്യനീതി ഡയറക്ടറുടെ 23.10.2014- ലെ ഐസിഡിഎസ്. A6- 13545/13 നമ്പർ കത്ത്.

ഉത്തരവ്

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുത്ത 500 സ്കൂളുകളിൽ കൗൺസിലിംഗ് പ്രോഗ്രാം നടന്നു വരുന്നു. കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം എന്നീ നാലു ജില്ലകളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)' എന്ന പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട 25 സ്കൂളുകളിലേയ്ക്ക് കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാക്കാൻ സാമൂഹ്യ സുരക്ഷാമിഷൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ടി ലിസ്റ്റിലെ 7 സ്കൂളുകളിൽ നിലവിൽ കൗൺസിലിംഗ് നടക്കുന്നവയാണെന്നും 3 സ്കൂളുകളിൽ കൗൺസിലിംഗ് ആരംഭിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ 15 സ്കൂളുകളിൽ കൗൺസിലർമാരെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനാവശ്യമായ തുക 2235-02-102-62-(01)P എന്ന ശീർഷകത്തിൽ ലഭ്യമാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, എന്നീ ജില്ലകളിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ ORC പദ്ധതി നടപ്പിലാക്കുന്നതിനായി അനുബന്ധമായി ചേർത്തിട്ടുള്ള 15 സ്കൂളുകളിൽ കൗൺസിലിംഗ് പ്രോഗ്രാം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(23.12.2014 -ലെ 93547/WW1/14/Fin നം. അനൗദ്യോഗികകുറിപ്പ്)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്(25.07.2014- ലെ 11712/A2/14/Plg നം. അനൗദ്യോഗികകുറിപ്പ്)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>തിരുവനന്തപുരം</u>

1. ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർസെക്കന്ററി സ്കൂൾ, തൈയ്ക്കാട്
2. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഫോർ ബോയ്സ് , പേട്ട

<u>എറണാകുളം</u>

3. എസ്സ്.ആർ. വി.എം. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, എറണാകുളം സൗത്ത്.
4. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ നോർത്ത് എടപ്പള്ളി
5. ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പനമ്പിള്ളി നഗർ
6. ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, എറണാകുളം

<u>തൃശ്ശൂർ</u>

7. ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തൃശ്ശൂർ
8. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, അയ്യന്തോൾ
9. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, രാമവർമ്മപുരം

<u>കോഴിക്കോട്</u>

10. ഗവൺമെന്റ് മോഡൽ ഹയർസെക്കന്ററി സ്കൂൾ, കോഴിക്കോട്
11. ഹയർ സെക്കന്ററി സ്കൂൾ കുന്ദമംഗലം
12. ബി.ഇ.എം. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കോഴിക്കോട്
13. ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, മീഞ്ചന്ത
14. സാമൂതിരി ഹയർ സെക്കന്ററി സ്കൂൾ, തളി
15. ഗവൺമെന്റ് ഗണപത് ബോയ്സ് ഹയർസെക്കന്ററി സ്കൂൾ, ചാലപ്പുറം